ഫർണിച്ചർ എന്നിവ വാങ്ങുന്നതിലേക്കായി 1.6 ലക്ഷം രൂപ കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്നുണ്ട്. ഇതുകൂടാതെ, കോമൺവെൽത്ത് ഗെയിംസിന് അനുബന്ധമായി നടന്ന ക്യൂൻസ് ബാറ്റൺ റിലേയുടെ ഭാഗമായി യൂത്ത് ഹോസ്റ്റൽ നവീകരണത്തിനായി കേന്ദ്ര ഗവൺമെന്റ് വാഗ്ദാനം ചെയ്ത 20 ലക്ഷം രൂപയിൽ 5 ലക്ഷം രൂപയും യൂത്ത് ഹോസ്റ്റലുകളുടെ നവീകരണത്തിനായി ലഭിച്ചിട്ടുണ്ട്.

(ഡി) വിവിധ ആവശ്യങ്ങൾക്കായി യാത്ര ചെയ്തുവരുന്ന യുവതീ യുവാക്കൾക്ക് യൂത്ത് ഹോസ്റ്റലുകളിൽ കുറഞ്ഞ ചെലവിൽ താമസ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഡോർമെട്രികളും ബെഡ് റൂമുകളും, യൂത്ത് ഹോസ്റ്റലുകളിൽ സജ്ജീകരിച്ചിട്ടുണ്ട്. ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന് മിനി കോൺഫറൻസ് ഹാളും സജ്ജീകരിച്ചിട്ടുണ്ട്.

(ഇ) ഇക്കാര്യം പരിഗണനയിലില്ല.

പബ്ലിക് സർവ്വീസ് കമ്മീഷനിലെ എൻക്വയറി വിഭാഗം ശക്തിപ്പെടുത്തുന്നതിന് നടപടി

18 (*318) ശ്രീ. പി. വിശ്വൻ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പബ്ളിക് സർവ്വീസ് കമ്മീഷനിലെ എൻക്വയറി വിഭാഗം ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) എൻക്വയറി വിഭാഗത്തിൽ നിന്ന് എന്തെല്ലാം വിവരങ്ങളാണ് ലഭിക്കുന്നത് ;

(സി) എം-ഗവേർണൻസിലൂടെ രജിസ്റ്റർ ചെയ്യുന്നവർക്ക് മൊബൈൽ അലർട്ട് സംവിധാനം ഏർപ്പെടുത്താനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ ;

(ഡി) പി.എസ്.സി. വെബ്. സൈറ്റിലൂടെ ഉദ്യോഗാർത്ഥികൾക്ക് എന്തെല്ലാം വിവരങ്ങൾ ലഭ്യമാക്കാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട് ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്യുതാനന്ദൻ) :

(എ) പി.എസ്.സി. എൻക്വയറി വിഭാഗത്തിൽ ഉദ്യോഗാർത്ഥികൾക്ക് കൃത്യവും സമ്പൂർണ്ണവുമായ വിവരം നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ടി വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ആധുനിക വിവര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള സേവനം നൽകിവരുന്നു. ഐ. ടി. മിഷനുമായി സഹകരിച്ചുള്ള ഒരു കോൾ സെന്റർ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ആധുനിക സൗകര്യത്തോടുകൂടി ഒരു കോൾ സെന്റർ സംവിധാനം ആസ്ഥാന ഓഫീസിൽ ഏർപ്പെടുത്തുന്നതിനും ആസ്ഥാന ഓഫീസിൽ എൻക്വയറി വിഭാഗത്തിൽ ടോക്കൺ സംവിധാനം ഏർപ്പെടുത്തുന്നതിനുമുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Page 1

(ബി) പി.എസ്.സി. എൻകൗയറി വിഭാഗത്തിൽനിന്നും താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കുന്നുണ്ട് :

- വിജ്ഞാപനം സംബന്ധിച്ച വിവരങ്ങൾ
- എഴുത്തുപരീക്ഷ, കായിക ക്ഷമതാ പരീക്ഷ, പ്രായോഗിക പരീക്ഷ, ഇന്റർവ്യൂ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ
- ഷോർട്ട് ലിസ്റ്റുകൾ/റാങ്ക് ലിസ്റ്റുകൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ
- സർട്ടിഫിക്കറ്റ് പരിശോധന, ഹാജരാക്കേണ്ട പ്രമാണങ്ങൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ
- നിയമനനില ഒഴിവുകളുടെ എണ്ണം തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ

(സി) എം-ഗവേർണൻസ് പ്രയോജനപ്പെടുത്തി മൊബൈൽവഴി എസ്.എം.എസ്. അലേർട്ട് തുടർന്നുനൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ഡി) പി.എസ്.സി. വെബ്സൈറ്റിലൂടെ താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട് :

- പി.എസ്.സി.-യെ സംബന്ധിച്ച വിവരങ്ങൾ
- വിജ്ഞാപനം സംബന്ധിച്ച വിവരങ്ങൾ
- എഴുത്തുപരീക്ഷ, കായിക ക്ഷമതാ പരീക്ഷ, പ്രായോഗിക പരീക്ഷ, ഇന്റർവ്യൂ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ
- ഷോർട്ട് ലിസ്റ്റ്/റാങ്ക് ലിസ്റ്റുകൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ
- സർട്ടിഫിക്കറ്റ് പരിശോധന, ഹാജരാക്കേണ്ട പ്രമാണങ്ങൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ
- നിയമനനില, ഒഴിവുകളുടെ എണ്ണം
- ഒ.എം.ആർ. പരീക്ഷകളുടെ ഉത്തര സൂചിക
- വകുപ്പുതല പരീക്ഷകളുടെ വിവരങ്ങൾ
- പ്രധാനപ്പെട്ട അറിയിപ്പുകൾ
- ഒ.എം.ആർ. പരീക്ഷയുടെ മാർക്ക് തുടങ്ങിയ വിവരങ്ങൾ നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly